LIBRARY ARCHIVES Kerala Legislative Assembly

വാമനപുരം മണ്ഡലത്തിലെ പട്ടികവർഗ്ഗക്കാർ

340 (680) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലേയും പട്ടികവർഗ്ഗ ജനസംഖ്യ എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ഓരോ പഞ്ചായത്തിലും എത്ര പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത് ; ഇവരിൽ ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട് ; ഭവന രഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ എത്ര ;

(സി) ഇവർക്ക് ഭൂമിയും വീടും നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വാമനനപുരം നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് തിരിച്ചുള്ള പട്ടികവർഗ്ഗ ജനസംഖ്യ ചുവടെ ചേർക്കുന്നു :

1. പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്	-	64
2. പാങ്ങോട് ഗ്രാമപഞ്ചായത്ത്	-	1082
3. നന്ദിയോട് ഗ്രാമപഞ്ചായത്ത്	-	1572
4. പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്	-	2670
5. ആനാട് ഗ്രാമപഞ്ചായത്ത്	-	14
6. പനവൂർ ഗ്രാമപഞ്ചായത്ത്	-	245
ആകെ	-	5647

(ബി) വാമനപുരം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലേയും പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു ;

1.	പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്	-	14
2.	പാങ്ങോട് ഗ്രാമപഞ്ചായത്ത്	-	336
3.	നന്ദിയോട് ഗ്രാമപഞ്ചായത്ത്	-	458
4.	പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്	-	804
5.	ആനാട് ഗ്രാമപഞ്ചായത്ത്	-	4
6.	പനവൂർ ഗ്രാമപഞ്ചായത്ത്	-	72
	ആകെ	-	1688

വാമനപുരം നിയോജക മണ്ഡലത്തില ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിലില്ല. വാസയോഗ്യമായ വീടില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ 760 ആണ്.

(സി) വാമനപുരം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വാസയോഗ്യമല്ലാത്ത വീടുകളുള്ള 760 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി തുടങ്ങിയിട്ടുള്ള സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി അടുത്ത രണ്ട് വർഷത്തിനുള്ളിൽ വീട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വാമനപുരം നിയോജക മണ്ഡലത്തിലെ 74 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

കോതമംഗലം നിയോജകമണ്ഡലത്തിലെ കണ്ടൻപാറയിലെ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി

341 (681) ശ്രീ. റ്റി. യു കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കണ്ടൻപാറയിൽ വലിയ കഷ്ടതയിൽ ജീവിക്കുന്ന ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് വരുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly